# ഒരു കൈ സഹായം

ഒരിക്കൽ നബിതിരുമേനി ഒരു അടിമയെ കണ്ടു. അവൻ ഒരു ധാന്യപ്പുരയിലിരുന്ന് സ്വന്തം കൈകൊണ്ട് ഗോതമ്പ് പൊടിച്ചെടുക്കുകയാണ്. കരഞ്ഞുകൊണ്ടാണ് അടിമ ജോലി ചെയ്തു കൊണ്ടിരിക്കുന്നത്.



## കൂടിയാട്ടം

യുനസ്കോ അംഗീകരിച്ച ആദ്യ ഭാരതീയ നൃത്തരൂപമാണ് കൂടിയാട്ടം. പ്രാചീന സംസ്കൃത നാടക രൂപങ്ങളിലൊന്നാണിത്.



ഇതു കാണാനിടയായ നബി ആകാംക്ഷയോടെയും തിടുക്കത്തിൽ അടിമയുടെ അരികിലെത്തി.

''എന്തിനാണ് കരയുന്നത്?''

നബി അവനോട് തിരക്കി.

''എനിക്ക് സുഖമില്ല. ഈ ഗോതമ്പ് എന്നെക്കൊണ്ട് പൊടിക്കാനാവുമെന്നു തോന്നുന്നില്ല.''

കരച്ചിലിനിടയിൽ അവൻ പറഞ്ഞു. എന്നിട്ട് കണ്ണീർ കൈകൾ കൊണ്ട് തുടച്ച് നബിയുടെ നേരെ നോക്കി. ആ കണ്ണുകളിലെ ദയാവായ്പ് കണ്ട് അവൻ പറഞ്ഞു:

''എന്റെ യജമാനൻ ഒരു മഹാക്രൂരനാണ്. ധാന്യം പൊടിച്ചില്ലെങ്കിൽ അയാളെന്നെ വല്ലാതെ മർദ്ദിക്കും.''

നബി അവനെ സമാശ്വസിപ്പിച്ചു. എന്നിട്ട് ആ ഗോതമ്പ് മുഴുവൻ അവനുവേണ്ടി അദ്ദേഹം വേഗത്തിൽ പൊടിച്ചുകൊടുത്തു. പോകാൻ നേരം നബി ഇത്രയുംകൂടി പറഞ്ഞു:

''ഇനി എപ്പോഴെങ്കിലും ധാന്യം പൊടിക്കുമ്പോൾ സുഖമില്ലാതായാൽ എന്നെ വിളിച്ചുകൊള്ളുക.''

പുനരാഖ്യാനം:

● അബ്ദുല്ല പേരാമ്പ്ര